27

# മറ്റുള്ളവരുമായി എങ്ങനെ ഇടപെടണം

## മത്തായി 7:1-12, വാ. 3-12

## ഒരടുത്തനോട്ടം

നമ്മുടെ കഴിഞ്ഞ പ്രസംഗത്തിൽ, നാം മത്തായി 7:1–12 പഠിക്കുവാൻ തുടങ്ങി, ആ വേദഭാഗം (മറ്റുള്ള തത്വങ്ങൾക്കൊപ്പം) പഠിപ്പിക്കുന്നത് എങ്ങനെ മറ്റുള്ളവരുമായി ഇടപെടണം എന്നതാണ്. ബന്ധങ്ങളെ കുറിച്ച് ആറു നിർദ്ദേശങ്ങൾ നമ്മുടെ വേദഭാഗത്തുനിന്ന് എടുക്കാമെന്നു ഞാൻ വാഗ്ദാനം നൽകിയിരുന്നു – മറ്റുള്ളവരുമായി ഇടപെടുന്നതിന് ആവശ്യമായ പ്രധാനപ്പെട്ട ആറു കാര്യങ്ങൾ. ഒന്നാമത്തെ നിർദ്ദേശം 1–ഉം 2–ഉം വാക്യങ്ങളെ ആസ്പദമാക്കിയുള്ളതായിരുന്നു: "നിങ്ങൾ വിധിക്കപ്പെടാതിരിക്കേണ്ടതിന്നു വിധിക്കരുത്. നിങ്ങൾ വിധിക്കുന്ന വിധിയാൽ, നിങ്ങളെയും വിധിക്കും; നിങ്ങൾ അളക്കുന്ന അളവിനാൽ, നിങ്ങൾക്കും അളന്നു കിട്ടും." ഈ വാക്യങ്ങളിൽ നിന്ന്, മറ്റുള്ളവരുമായി ഇടപെടുന്നതിനു ആവശ്യമായ പ്രധാനപ്പെട്ട ഒന്നാമത്തെ കാര്യം നമുക്ക് എടുക്കാം: "നാം വിധിക്കൽ നിർത്തണം." ആ തത്വത്തെ സംബന്ധിച്ച്, ചുരുങ്ങിയത് അഞ്ചു പൊതുവായ പരിശീലനങ്ങളെയായിരുന്നു യേശു ഖണ്ഡിച്ചത് എന്ന് ഞാൻ നിർദ്ദേശിക്കുന്നു:

- നമ്മുടെ വിധിയെ നിറം പിടിപ്പിക്കുന്നതിന് നമ്മുടെ ഇഷ്ടങ്ങളെയും, മുൻവിധിയെയും, നമ്മുടെ പശ്ചാത്തലത്തെയും നാം അനുവദിക്കുന്നു.
- എല്ലാ വസ്തുതകളും ലഭിക്കാതെ അല്ലെങ്കിൽ എല്ലാ സാഹചര്യങ്ങളും മനസ്സിലാക്കാതെ ധൃതി പിടിച്ച് വിധിക്കുവാൻ ഒരുങ്ങുന്നത്.
- മറ്റൊരാളുടെ ഉദ്ദേശങ്ങളെ സംബന്ധിച്ചു വിധിക്കുവാൻ ശ്രമിക്കുന്നത്.
- ആളുകൾ ചെയ്യുന്നതിന്റെ നല്ല വശം ലഭ്യമാണെങ്കിലും അതു ചിന്തിക്കുന്നതിനു പകരം മോശമായി അതിനെ പ്രതിഫലിപ്പിക്കുന്നത്.
- കരുണയോടും സ്നേഹത്തോടും നാം വിധിക്കുന്നതിനു പകരം – നാം ഉയർന്ന വിമർശനത്തോടും, കൈപ്പോടും, പരുഷഭാവത്തോടെയും ആയിരിക്കും വിധിക്കുക.

ഇവ എല്ലാവർക്കും ഒരുപോലെ സംഭവിക്കുന്ന തെറ്റുകളാണ്. ഈ പറഞ്ഞ കുറവുകൾ എല്ലാമുള്ള ഒരാളെ ഒരുപക്ഷെ നിങ്ങൾക്കറിയാം, അറിഞ്ഞു കൂടെ?

ആ ചോദ്യം ചോദിച്ചതുകൊണ്ട്, ഞാൻ ക്ഷമ ചോദിക്കട്ടെ. അതൊരു സൂത്രമുള്ള ചോദ്യമായിരുന്നു. നിങ്ങളുടെ മനസ്സിലേക്ക് ആരെങ്കിലും കട

ന്നുവരുകയാണെങ്കിൽ, നിങ്ങൾ ആ വ്യക്തിയെ വിധിച്ചിരിക്കാം. ചുരുങ്ങിയത്, മത്തായി 7:1, 2 നിങ്ങളിൽ പ്രയോഗിക്കുന്നതിനുപകരം നിങ്ങൾ മറ്റൊരാളിൽ പ്രയോഗിക്കുന്ന കുറ്റം ചെയ്യുവാൻ ഞാൻ ഇടയാക്കിയേക്കാം. ഞാൻ അങ്ങനെ മനഃപ്പൂർവ്വം ചെയ്തതു മറ്റുള്ളവരുമായി ഇടപെടുന്ന കാര്യത്തിലുള്ള രണ്ടാമത്തെ തത്വത്തെ നിങ്ങൾക്കു പരിചയപ്പെടുത്തുവാനാണ്.

---

## മറ്റുള്ളവരുമായി ഇടപെടുന്നതിനുള്ള ആവശ്യം #2:

## നമ്മുടെ സ്വന്തം ജീവിതത്തിൽ വരുത്തേണ്ട മാറ്റം നാം ആദ്യം വരുത്തണം (വാ. 3-5).

---

മാറ്റം വരുത്തേണ്ട ആവശ്യം വരുമ്പോൾ, നമ്മളെ നോക്കുന്നതിനു പകരം നാം തീർച്ചയായും മറ്റുള്ളവരെ നോക്കുവാനാണ് ഇഷ്ടപ്പെടുന്നത്. യേശു അതു മനസ്സിലാക്കി. അവൻ പറഞ്ഞു,

> എന്നാൽ സ്വന്ത കണ്ണിലെ കോൽ[1] എടുക്കാതെ, സഹോദരന്റെ കണ്ണിലെ കരടു[2] നോക്കുന്നതു എന്തു? അല്ല സ്വന്ത കണ്ണിൽ കോൽ ഇരിക്കെ നീ സഹോദരനോടു, നിൽക്ക, "നിന്റെ കണ്ണിൽനിന്നു കരടു എടുത്തു കളയട്ടെ," എന്നു പറയുന്നതു എങ്ങനെ? കപട ഭക്തിക്കാരാ, മുമ്പെ സ്വന്തകണ്ണിൽ നിന്നു കോൽ എടുത്തു കളക, പിന്നെ സഹോദരന്റെ കണ്ണിൽ നിന്നു കരടു എടുത്തുകളവാൻ വെടിപ്പായി കാണും (വാ. 3–5).

ആ വേദഭാഗത്തിൽ അൽപം നൽമ്മ രസം ഉണ്ട്. യേശു തമാശ പറഞ്ഞിട്ടില്ല, എന്നാൽ അവൻ നർമ്മം[3] ഉപയോഗിച്ചിട്ടുണ്ട്: ഒരാളുടെ കണ്ണിൽ വലിയ ഒരു കോൽ കിടക്കുന്നതു നിമിത്തം കഷ്ടപ്പെടുമ്പോൾ മറ്റൊരാളുടെ കണ്ണിലെ പൊടി നീക്കം ചെയ്വാൻ അയാൾ ശ്രമിക്കുന്നത് ഒന്നു ഊഹിച്ചു നോക്കുക. ആ വലിയ കോൽ അടുത്തിരിക്കുന്നവരുടെ തലയിൽ തട്ടാതിരിക്കുവാൻ അവർക്കു തല താഴ്ത്തേണ്ടിവരുന്നതും, അങ്ങോട്ടുമിങ്ങോട്ടും അതു നീങ്ങുന്നതും നിങ്ങൾക്കു കാണാമോ?[4] നാം വിധിക്കുന്നവരെക്കാൾ മോശമായിരിക്കെ വിധിക്കുന്നവരാകുവാൻ ശ്രമിക്കുന്നതു *വിഡ്ഢിത്ത*മാണെന്നു നാം അറിയുവാൻ യേശു ആഗ്രഹിക്കുന്നു.[5]

യേശുവിന്റെ മനസ്സിൽ ഒരുപക്ഷെ പരീശന്മാരുടെയും ശാസ്ത്രിമാരുടെയും കപടഭക്തിയായിരിക്കാം ഉണ്ടായിരുന്നത്, എന്നാൽ ആ വേദഭാഗത്തിലെ സത്യം നമ്മെയും ബോദ്ധ്യമാക്കുന്നതാണ്. നമ്മുടെ തെറ്റ് അവഗണിച്ചുകൊണ്ട് മറ്റുള്ളവരുടെ തെറ്റ് ചൂണ്ടി കാണിക്കുക എത്ര എളുപ്പമാണ്! ബത്ത് – ശേബയുമായി വ്യഭിചാരം ചെയ്യുകയും അതിനുശേഷം അവളുടെ ഭർത്താവിനെ കൊല്ലിക്കയും ചെയ്ത, ദാവീദു രാജാവിന്റെ സംഭവം നിങ്ങൾക്കു ഓർമ്മയില്ലേ (2 ശമുവേൽ 11)? നാഥാൻ ദരിദ്രന്റെ ആടിനെ കൊന്ന ധനവാന്റെ സംഭവം ദാവീദിനോടു പറഞ്ഞു. ദാവീദ് അതു ചെയ്തവനെ[6] "തൂക്കി കൊല്ലുവാൻ" തയ്യാറായിരുന്നപ്പോഴാണ് നാഥാൻ പറഞ്ഞത്, "ആ മനുഷ്യൻ നീ തന്നെ!" (2 ശമുവേൽ 12:1–7). അപ്പോൾ, തൂക്കി കൊല്ലു

ന്നതിനു പകരം, ദാവീദ് ഒരു പ്രാർത്ഥനായോഗത്തിന് തയ്യാറായി (2 ശമുവേൽ 12:13; സങ്കീർത്തനങ്ങൾ 51; 32).

മറ്റുള്ളവരുമായിട്ട് ഒത്തുപോകേണ്ട കാര്യത്തിൽ, ആദ്യം *നമ്മിൽ* വരുത്തേണ്ട മാറ്റം എന്താണെന്നു കാണുവാൻ നാം *സ്വയം* പരിശോധിക്കുവാനാണ് യേശു ആഗ്രഹിക്കുന്നത്.

യാദൃശ്ചികമായി, ക്രിസ്തു ഖണ്ഡിച്ചതായ വിധി പരിശീലനങ്ങളുടെ ലിസ്റ്റിൽ മറ്റൊന്നുകൂടി ചേർക്കുവാൻ വാക്യം 3–ന്റെ ആദ്യഭാഗത്തിനു കഴിയും. "നോക്കുക"[7] എന്ന ഗ്രീക്കുവാക്ക് തർജ്ജിമ ചെയ്തതിന്റെ അർത്ഥം "പരിശോധിക്കുക, ഏറ്റവും അടുത്ത് നോക്കുക"[8] എന്നാണ്. ഒരു കരട് കാണുക എളുപ്പമല്ല. ആരെങ്കിലും നിങ്ങളോടു, "എന്റെ കണ്ണിൽ ഒരു കരട് ഉണ്ട്" എന്നു പറഞ്ഞാൽ, ശരിക്കുള്ള വെളിച്ചവും നിങ്ങൾ ഏറ്റവും അടുത്തുമാണെങ്കിൽ മാത്രമേ, അതു കാണുവാൻ കഴിയൂ. മോശമായ വിധി ശീലങ്ങളുടെ ലിസ്റ്റിൽ നമുക്ക് ഈ വളരെ–അധികം–പ്രാബല്യത്തിൽ ഇരിക്കുന്ന സ്വഭാവവിശേഷതയെ ഉൾപ്പെടുത്താം:

- ആളുകളിൽ ഏറ്റവും നല്ലവശം നോക്കുന്നതിനുപകരം ഏറ്റവും മോശമായ വശം നോക്കുന്നതു; കുറ്റം കണ്ടെത്തി വിമർശിക്കുന്നതിനു വേണ്ടി ഓരോ വാക്കും ഓരോ പ്രവൃത്തിയും കഠിനശ്രമം നടത്തി പരിശോധിക്കുന്നതു.

യഥാർത്ഥത്തിൽ അങ്ങനെയായിരുന്നു ശാസ്ത്രിമാരും പരീശന്മാരും യേശുവിനോടു പെരുമാറിയത്.

യേശു "കോൽ" എന്നും "കരടു" എന്നും ചിത്രീകരിക്കുവാനുള്ള കാരണമായി പല വ്യാഖ്യാതാക്കളും ചില തർജ്ജിമക്കാരും വിചാരിക്കുന്നതെന്തെന്നാൽ അവയിൽ രണ്ടിലും ഉൾപ്പെട്ടിരിക്കുന്നത് ഒന്നുതന്നെയാണെന്നതു കൊണ്ടാണ്. ഒന്നു വളരെ ചെറുതും മറ്റൊന്നു വളരെ വലുതുമാണ്, എന്നാൽ രണ്ടും മരത്തിൽനിന്നുള്ളതാണ്. എൻഐവിയിൽ ഉള്ളത് "ഈർച്ചപ്പൊടി" എന്നും "പലക" എന്നുമാണ്.

കോലും കരടും ഒരേ വസ്തുവിൽ നിന്നുള്ളതാക കൊണ്ട് അത് ചില രസകരമായ ചിന്തകൾ നമ്മിൽ ഉണ്ടാക്കുന്നു. നമ്മുടെ ജീവിതത്തിൽ ഉണ്ടാകാറുള്ള മറ്റുള്ളവരുടെ തെറ്റുകളെ സംബന്ധിച്ചു നാം പലപ്പോഴും കൂടുതൽ ബോധമുള്ളവരാകുന്നു എന്നതു മനുഷ്യസ്വഭാവമാണ്. മനഃശ്ശാസ്ത്രജ്ഞന്മാർ ഇതിനെ "പ്രൊജക്ഷൻ" എന്നു വിളിക്കും: നമ്മുടെ സ്വന്തം ജീവിതത്തിൽ കാണുന്ന തെറ്റുകൾ മറ്റുള്ളവരുടെ ജീവിതത്തിൽ വലുതാക്കികാണുന്നു. (അതായത്, എല്ലാവരും നമ്മെപ്പോലെയാണെന്നു നാം കരുതുന്നു.) കൂടാതെ, നമ്മുടെ പാപങ്ങൾ സാധാരണ നാം മോശമായി കാണാറില്ല എന്നാൽ അതേ പാപം മറ്റുള്ളവരുടെ ജീവിതത്തിൽ കാണുമ്പോൾ അതു മോശമായി കാണുന്നു എന്നതാണ് വസ്തുത. ബെർട്രന്റ് റസൽ നാം സാഹചര്യങ്ങളെ വീക്ഷിക്കുന്ന രീതിയാൽ ഇതിനെ ചിത്രീകരിച്ചിരിക്കുന്നു: "ഞാൻ ഉറപ്പുള്ളവനാണ്; നിങ്ങൾ നിർബന്ധ ബുദ്ധിയുള്ളവനാണ്; അയാൾ സ്വാർത്ഥതയുള്ളവനാണ്. ഞാൻ വീണ്ടും പരിഗണിക്കുകയുണ്ടായി; നിങ്ങൾ നിങ്ങളുടെ മനസു മാറ്റി; അയാൾ തന്റെ വാക്കിൽനിന്ന് പുറകോട്ടുപോയി." ഇതിന് ഒരു ബൈബിൾ ഉദാഹരണം നിങ്ങൾക്കുവേണമെങ്കിൽ, നിങ്ങൾ യെഹൂദയെയും അവന്റെ മരു

–മകൾ–ആയിരുന്ന താമാറിന്റെയും സംഭവം നോക്കുക. താമാർ "വ്യഭിചാരം ചെയ്ത്" "ഒരു കുഞ്ഞുണ്ടായി" എന്ന് യെഹൂദാ അറിഞ്ഞപ്പോൾ, അവളെ കൊല്ലുവാൻ അവൻ തയ്യാറായി (ഉൽപത്തി 38:24); എന്നാൽ യെഹൂദയാണ് കുഞ്ഞിന്റെ അപ്പനെന്ന് താമാർ തെളിയിച്ചപ്പോൾ, പെട്ടെന്നുള്ള മരണശിക്ഷ ഒഴിവായി (ഉൽപത്തി 38:25, 26).

മരം കൊണ്ടുള്ള രണ്ടു വസ്തുക്കളെ ക്രിസ്തു മനഃപൂർവ്വമാണ് ചിത്രീകരണത്തിനായി ഉപയോഗിച്ചത് എങ്കിൽ, കോലിന്റെ–വലിപ്പത്തിൽ പാപം ചെയ്ത ഒരു മനുഷ്യൻ, കരടു–വലിപ്പത്തിൽ അതേ പാപം ചെയ്ത മറ്റൊരാളെ വിമർശിക്കുന്ന പരിഹാസ്യമായ സാഹചര്യം നമുക്ക് കാണാൻ സാധിക്കുമായിരുന്നു. ഇത്തരത്തിലുള്ള അസ്ഥിരതയെ കുറിച്ചു പൗലൊസ് റോമർ 2:1–3 ൽ എഴുതി:

> അതുകൊണ്ടു വിധിക്കുന്ന ഏതു മനുഷ്യനുമായുള്ളോവേ, നിനക്കു പ്രതിവാദം പറവാൻ ഇല്ല, അന്യനെ വിധിക്കുന്നതിൽ, നീ നിന്നെത്തന്നെ കുറ്റം വിധിക്കുന്നു; വിധിക്കുന്ന നീ അതുതന്നേ പ്രവർത്തിക്കുന്നുവല്ലോ. എന്നാൽ ആ വക പ്രവർത്തിക്കുന്നവരുടെ നേരെ ദൈവത്തിന്റെ വിധി സത്യാനുസരണയായിരിക്കുന്നു എന്നു നാം അറിയുന്നു. ആ വക പ്രവർത്തിക്കുന്നവരെ വിധിക്കയും, അതു തന്നേ പ്രവർത്തിക്കയും ചെയ്യുന്ന, മനുഷ്യാ, നീ ദൈവത്തിന്റെ വിധിയിൽ നിന്നു തെറ്റി ഒഴിയും എന്ന് നിനെക്കുന്നുവോ?

ഇത്തരത്തിൽ പ്രവർത്തിക്കുന്നവരെ യേശു എങ്ങനെ വിശേഷിപ്പിച്ചു? യേശു വാക്കുകൾ ഒന്നും ഉപയോഗിച്ചില്ല; മത്തായി 7:5–ലെ ആദ്യ ഭാഗത്ത്, അവൻ പറഞ്ഞു, "*കപടഭക്തിക്കാരേ!*" *കാപട്യമുള്ളതു*കൊണ്ടാണ് നാം നമ്മെ *കപടഭക്തിക്കാരാ*ക്കുന്നത്. നാം തുടരെ തുടരെ മറ്റുള്ളവരെ വിമർശിക്കുന്നുവെങ്കിൽ, നാം സൂചിപ്പിക്കുന്നത് നമ്മുടെ രേഖപ്പെടുത്തൽ വ്യക്തമായതും, നമ്മുടെ ജീവിതം ശരിയായതുമാണ് – അങ്ങനെ അല്ലെങ്കിൽ നാം വിധിപ്പാൻ യോഗ്യരല്ല എന്നുമാണ്. അതേ സമയത്ത്, നമ്മുടെ കണ്ണിലെ ആ വലിയ കരടു[9] അങ്ങനെ തന്നെ ഉണ്ടായിരിക്കും.

വീണ്ടും, നാം പറയുന്നതു, വിധിക്കുന്നതിനെ സംബന്ധിച്ച്, നാം നമ്മിൽനിന്നു തന്നെ തുടങ്ങണം. യേശു പറഞ്ഞു, "*ആദ്യം* നിങ്ങളുടെ കണ്ണിലെ കോൽ എടുത്തുമാറ്റുക." മറ്റുള്ളവരുടെ തെറ്റുകൾ സമ്മതിക്കുക എളുപ്പമാണ്; അതേ സമയം നമ്മുടെ സ്വന്ത തെറ്റുകൾ ഏറ്റു പറയുക പ്രയാസവുമാണ്. വിവിധ സന്ദർഭങ്ങളിൽ സ്വയ–പരിശോധനയെ കുറിച്ച് പൗലൊസ് പറഞ്ഞിട്ടുണ്ട്: "നിങ്ങളെ തന്നെ പരിശോധിപ്പിൻ...; നിങ്ങളെ പരീക്ഷിപ്പിൻ!" (2 കൊരിന്ത്യർ 13:5); "ഒരു മനുഷ്യൻ തന്നെത്താൻ പരിശോധിക്കണം...."; "നാം നമ്മെത്തന്നെ വിധിച്ചാൽ, നാം വിധിക്കപ്പെടുകയില്ല" (1 കൊരിന്ത്യർ 11:28, 31). റോമർ 14:13 പ്രത്യേകമായി പ്രായോഗികമാക്കാം. ആ വാക്യത്തെ കുറിച്ച് ഫിലിപ്പിന്റെ തർജ്ജിമ പറയുന്നത്, "അതുകൊണ്ടു നാം പരസ്പരം വിമർശനാത്മക കണ്ണുകളോടെ നോക്കുന്നത് നിർത്തുക. നാം വിമർശിക്കണമെങ്കിൽ, *നമ്മുടെ തന്നെ സ്വഭാവത്തെ വിമർശിക്കയും* ഒരു സഹോദരന് ഇടർ ച്ചയോ വീഴ്ച്ചയോ വരുത്തുന്ന യാതൊന്നും ചെയ്യുന്നില്ലയെന്ന് ഉറപ്പും വരുത്തുക."[10] (എംഫസിസ് മൈൻ.)

ഏതു കോൽ/പാപമാണ് നീക്കേണ്ടത്? ഏതു പാപമായാലും നീക്കണം – എന്നാൽ ഈ സന്ദർഭത്തിൽ, നാം പ്രത്യേകമായി പറയുന്നത് വിധിക്കുന്ന

പാപത്തെ കുറിച്ചാണ്.

സ്വയ–പരിശോധനയുടെ കാര്യമായാൽ പോലും, ചില സാമാന്യബോധം ക്രമത്തിലുള്ളതാണ്. വ്യക്തിപരമായ പരാജയങ്ങളും തെറ്റു കുറ്റങ്ങളുമുള്ള അനാരോഗ്യകരമായ ഒഴിയാബാധയെ കുറിച്ചല്ല നാം പറയുന്നത്, ആരോ അതിനെ പറഞ്ഞിരിക്കുന്നത് “ഒരു തുടരുന്ന പ്രേത പരിശോധന” എന്നാണ്. എന്നിരുന്നാലും, നാം മറ്റുള്ളവരുമായി ഒത്തുപോകണമെങ്കിൽ, നമ്മുടെ *സ്വന്തം* ജീവിതത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയാണ് *ആദ്യം* നാം ചെയ്യേണ്ടത്. നാം നമ്മിൽനിന്നു തന്നെ തുടങ്ങിയാൽ, നമുക്ക് മറ്റുള്ളവരെ വിധിക്കുന്നതിലുള്ള താൽ പര്യം കുറയും.

വാക്യങ്ങളുടെ പ്രാഥമികമായ ഊന്നൽ നാം കണ്ടുകഴിഞ്ഞതുകൊണ്ട്, 3–5 വരെയുള്ള വാക്യങ്ങൾ നമുക്ക് ഇപ്പോൾ വിടാം – എന്നാൽ ഈ ഭാഗത്തിന്റെ അവസാനമുള്ള ഒരു മനോഹര സത്യം ഞാൻ ഊന്നി പറയുവാൻ ആഗ്രഹിക്കുന്നു.

**മറ്റുള്ളവരുമായി ഇടപെടുന്നതിനുള്ള ആവശ്യം #3:**

**സുബോധത്തോടും താഴ്മയോടും**
**നാം മറ്റുള്ളവരെ സഹായിക്കണം (വാ. 5).**

നാം ആരെയെങ്കിലും വാസ്തവത്തിൽ സ്നേഹിക്കുന്നുവെങ്കിൽ അയാളുടെ ജീവിതത്തിൽ പാപം കണ്ടാൽ, അതു നീക്കം ചെയ്യുവാൻ അയാളെ നാം സഹായിക്കും.[11] അതാണ് വാക്യം 5–ന്റെ അവസാന ഭാഗത്തുള്ള സൂചന: ഓരോരുത്തനും ആദ്യം താന്താന്റെ കണ്ണിലെ കോലെടുക്കട്ടെ എന്ന് യേശു പറഞ്ഞശേഷം, അവൻ പറഞ്ഞു, “*അപ്പോൾ* സഹോദരന്റെ കണ്ണിലെ കരടു നിങ്ങൾക്കു വ്യക്തമായി കാണുവാൻ കഴിയും.” (എംഫസിസ് മൈൻ.) നാം ആദ്യം മുൻഗണന നൽകേണ്ടത് നമ്മുടെ പാപങ്ങൾ നീക്കം ചെയ്യുന്നതിനായിരിക്കണം എന്നു യേശു പറഞ്ഞു, എന്നാൽ നമ്മുടെ ജീവിതം ക്രമപ്പെടുത്തി കഴിഞ്ഞ് മറ്റുള്ളവരുടെ പാപങ്ങൾ നീക്കം ചെയ്യുവാൻ സഹായിക്കുന്നതിനെ അവൻ നിരാശപ്പെടുത്തിയിട്ട*ില്ല*.[12]

ഒരു സഹോദരന്റെ ഹൃദയത്തിൽ നിന്നും ജീവിതത്തിൽ നിന്നും പാപം നീക്കുവാൻ സഹായിക്കുന്നതിന്റെ ആവശ്യകതയെ കുറിച്ച് പല വേദഭാഗങ്ങളും നമ്മെ പഠിപ്പിക്കുന്നുണ്ട്:

> സഹോദരന്മാരേ, ഒരു മനുഷ്യൻ വല്ല തെറ്റിലും അകപ്പെട്ടുപോയെങ്കിൽ, ആത്മികരായ നിങ്ങൾ, അങ്ങനെയുള്ളവനെ സൗമ്യതയുടെ ആത്മാവിൽ യഥാസ്ഥാനപ്പെടുത്തുവിൻ; നീയും പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ, സൂക്ഷിച്ചുകൊൾക. തമ്മിൽ തമ്മിൽ ഭാരങ്ങളെ ചുമപ്പിൻ, ഇങ്ങനെ ക്രിസ്തുവിന്റെ ന്യായപ്രമാണം നിവർത്തിപ്പിൻ (ഗലാ ത്യർ 6:1, 2).

> സഹോദരന്മാരേ, നിങ്ങളിൽ ഒരുവൻ സത്യം വിട്ട് തെറ്റിപ്പോകയും അവനെ ഒരുവൻ തിരിച്ചുവരുത്തുകയും ചെയ്താൽ, പാപിയെ നേർവഴിക്കു ആക്കു

ന്നവൻ അവന്റെ പ്രാണനെ മരണത്തിൽനിന്ന് രക്ഷിക്കയും പാപങ്ങളുടെ ബഹുത്വം മറെക്കുകയും ചെയ്യും എന്നു അവൻ അറിഞ്ഞുകൊള്ളട്ടെ (യാക്കോബ് 5:19, 20).

സഹായിക്കേണ്ട ആവശ്യകതയെ എടുത്തുകാണിക്കുന്നതാണ് മത്തായി 7:3–5 ലെ യേശു ചിത്രീകരിച്ച കണ്ണിലെ കരട്: കണ്ണ് ലോലമാണ്. കണ്ണിൽ ചെറിയ ഒരു കരട് പോലും വീഴുന്നതു ചിരിക്കുവാനുള്ള കാര്യമല്ല. നിങ്ങൾക്ക് കുട്ടികൾ ഉണ്ടെങ്കിൽ, നിങ്ങളുടെ കുട്ടി ഇങ്ങനെ പറയുമ്പോൾ ആ വാക്കുകളിലുള്ള തീവ്രവേദന നിങ്ങൾ കേട്ടിരിക്കാം, "എന്റെ കണ്ണിൽ എന്തോ വീണു!"

സഹായിക്കുന്ന ആൾക്കുണ്ടായിരിക്കേണ്ട മനോഭാവത്തെയും ആ ചിത്രീകരണം സൂചിപ്പിക്കുന്നു. എന്റെ കണ്ണിൽ എന്തെങ്കിലും ഉള്ളപ്പോൾ നിങ്ങൾ അത് എടുത്തു കളയുന്നതിന് സഹായിക്കുവാൻ തയ്യാറാവുകയാണെങ്കിൽ, അത് ശ്രദ്ധയോടെ അനുകമ്പയോടെ നിങ്ങൾ ചെയ്യുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്.[13] അത്തരത്തിൽ മൃദുലമായി വേണം നാം മറ്റുള്ളവരോടു ഇടപഴകുവാൻ. നിങ്ങൾ "അങ്ങനെയുള്ളവനെ *സൗമ്യതയുടെ ആത്മാവിൽ* യഥാസ്ഥാനപ്പെടുത്തുവിൻ" എന്നു പൗലൊസ് പറയുന്നു (ഗലാത്യർ 6:1; എംഫസിസ് മൈൻ).

ഒരിക്കൽ ന്യായവിധി നാളിൽ നാം എല്ലാവരും ദൈവമുൻപാകെ നിൽക്കേണ്ട പാപികളാണ്. ആത്മീയമായി എല്ലാവർക്കും സഹായം ആവശ്യമാണ്, അതുകൊണ്ടു നമുക്ക് അന്യോന്യം സഹായിക്കാം – എന്നാൽ, നാം അങ്ങനെ ചെയ്യുമ്പോൾ, ആ സഹായം മനസ്സലിവോടെയും ശ്രദ്ധയോടെയും ചെയ്യുവാൻ സാധിക്കട്ടെ.

### മറ്റുള്ളവരുമായി ഇടപെടുന്നതിനുള്ള ആവശ്യം #4:

### വ്യത്യാസങ്ങളും പ്രയാസങ്ങളും എങ്ങനെ തരണം ചെയ്യണമെന്നു നാം പഠിക്കണം (വാ. 6).

നാം ഇപ്പോൾ "നായ്ക്കൾ" എന്നും "പന്നികൾ" എന്നും ഉള്ള വാക്യത്തിൽ വന്നിരിക്കുകയാണ്. (വാ. 6). ഇവിടെ ഒരു കുഴയ്ക്കുന്ന പ്രശ്നമുണ്ട്: യേശു അതുവരെയും പറഞ്ഞ മനോഭാവത്തിനു എതിരാണു ആ വാക്യം എന്നു തോന്നിപ്പിച്ചേക്കാം. നാം പോയി ആളുകളെ "നായ്ക്കൾ" എന്നും "പന്നികൾ" എന്നും വിളിക്കാമോ? ക്രിസ്തു ആ വാചകം തുലനാവസ്ഥക്കുവേണ്ടി പറഞ്ഞതാണെന്നു ഞാൻ കരുതുന്നു: നാം കപടഭക്തിയുള്ള, കുറ്റം കണ്ടുപിടിക്കുന്ന, സ്വയം–നിയമിക്കപ്പെട്ട "അപൂർണ്ണത പരിശോധിക്കുന്നവർ" ആകേണ്ടവരല്ല, അതുപോലെ നാം എളുപ്പം ചതിക്കപ്പെടുന്നവരുമാകരുത്. ദൈവം നമുക്ക് സാമാന്യബുദ്ധി നൽകിയിട്ടുണ്ട്, നാം അത് ആളുകളുമായി ഇടപെടുമ്പോൾ ഉപയോഗിക്കണമെന്ന് അവൻ ആഗ്രഹിക്കുന്നു. നാം കാഠിന്യമുള്ളവരോ കർശനവിമർശനം നടത്തുന്നവരോ ആകരുത്, അതേ സമയം ശ്രദ്ധയില്ലാത്തവരും കാര്യമാക്കാത്തവരും ആകരുത്.

യേശു 1–5 വരെയുള്ള വാക്യങ്ങൾ മാത്രമാണ് നമുക്ക് നൽകിയിരു

ന്നതെങ്കിൽ, അവൻ നമ്മെ മുറിവേൽപിക്കുന്ന രീതിയിൽ, നമ്മുടെ തലയിൽ കുറ്റം വരുമോ എന്ന കാരണത്താൽ ഏതൊരു വിധിയും നടപ്പിലാക്കുവാൻ ഭയപ്പെടുന്ന അവസ്ഥയിൽ എത്തിക്കുമായിരുന്നു. എങ്ങനെയായാലും, വാക്യം 6–ൽ, നാം മറ്റുള്ളവരെ കുറിച്ച് *ചില* വിധി നടത്തണമെന്നു സൂചിപ്പിച്ചിരിക്കുന്നു. ആ വസ്തുത അവൻ നായ്ക്കളെയും പന്നികളെയും സൂചിപ്പിച്ചുകൊണ്ടു പറഞ്ഞിരിക്കുന്നു: "വിശുദ്ധമായതു നായ്ക്കൾക്കു കൊടുക്കരുത്, നിങ്ങളുടെ മുത്തുകളെ പന്നികളുടെ മുമ്പിൽ ഇടുകയുമരുത്, അവ കാൽ കൊണ്ട് അവയെ ചവിട്ടുകയും, തിരിഞ്ഞ് നിങ്ങളെ ചീന്തികളകയും ചെയ്‌വാൻ ഇടവരരുത്."

ക്രിസ്തുവിന്റെ വാക്കുകളുടെ അർത്ഥം നാം നോക്കുന്നതിനു മുൻപ്, നായ്ക്കളുടെയും പന്നികളുടെയും സ്വഭാവത്തെ നാം നോക്കേണ്ടതുണ്ട്, പ്രത്യേകിച്ച് അക്കാലത്ത്. മോശെയുടെ[14] ന്യായപ്രമാണത്തിൻകീഴിൽ അവ രണ്ടും അശുദ്ധ മൃഗങ്ങൾ ആയിരുന്നു. നിങ്ങൾ നായ്ക്കളെ കുറിച്ച് ചിന്തിക്കുമ്പോൾ, ചിലർ വീട്ടിൽ ഓമനിച്ചു വളർത്തുന്ന നായ്ക്കളെ കുറിച്ചു ചിന്തിക്കാതെ, ക്രൂര സ്വഭാവമുള്ള, അലഞ്ഞുതിരിയുന്ന, ചത്തവയുടെ അവശിഷ്ടങ്ങളിലും മലിന പദാർത്ഥങ്ങളിലും ചാടി വീഴുന്ന നായ്ക്കളെ കുറിച്ചു ചിന്തിക്കുക. "നായ്" എന്ന വാക്ക് ബൈബിളിൽ ചിലപ്പോൾ പാപികളെ ഉപമിച്ചു പറഞ്ഞിട്ടുണ്ട് (മത്തായി 15:26; ഫിലിപ്പിയർ 3:2; വെളിപ്പാട് 22:15). യെഹൂദ മനസ്സിൽ അശുദ്ധിയുടെ പ്രതീകമായിരുന്നു പന്നി. അത് കൊണ്ടായിരിക്കാം, പാലസ്തീനിലെ എല്ലാം അല്ലെങ്കിലും, കൂടുതൽ പന്നികളും, വന്യമായി അലഞ്ഞുതിരിഞ്ഞു നടന്നിരുന്നത്.

പല വ്യാഖ്യാതാക്കളും ആ അവസാനവസ്തുത വിട്ടുകളഞ്ഞിരിക്കുകയാണ്. വാക്യം 6–നെ കുറിച്ചു അവർ പറയുമ്പോൾ, "തിരിഞ്ഞ് നിങ്ങളെ ചീന്തിക്കളയും" എന്നതു പന്നികളെ കുറിച്ചല്ല നായ്ക്കളെ കുറിച്ചാണു പറഞ്ഞതെന്ന് അവർ പറയും. അങ്ങനെ ആ മൃഗങ്ങളെ കുറിച്ചുള്ള അവരുടെ അജ്ഞത അവർ കാണിക്കുന്നു. ഒരു തള്ള പന്നിയുടെ അടുക്കലേക്ക് നിങ്ങൾ ചെന്നാൽ അതിന്റെ കുഞ്ഞുങ്ങളുടെ അടുത്തു എത്തിയിരിക്കുന്നതായി കരുതി അതു കാലുകൊണ്ട് ചീന്തിക്കളയും എന്നതിനെ കുറിച്ച് അവർ ഒരുപക്ഷെ അറിഞ്ഞിരിക്കുകയില്ല. തൊഴിക്കുപകരം തൊഴിനൽകുന്ന, ഏറ്റവും അപകടകാരികളായ ജന്തുക്കളിൽപ്പെടുന്ന[15] പന്നികളുടെ ക്രൂരതയെ കുറിച്ച്, അവർ ബോധവാന്മാർ ആയിരിക്കുകയില്ല.

പന്നികളുടെയും നായ്ക്കളുടെയും മനോഭാവത്തെ മനസ്സിൽവെച്ചുകൊണ്ട്, വാക്യം 6 വീണ്ടും നോക്കുക. പരിഹാസ്യമായ രംഗങ്ങളെയാണ് യേശു ഒരിക്കൽ കൂടെ അവതരിപ്പിച്ചത്. അവൻ ആദ്യം "വിശുദ്ധമായത് നായ്ക്കൾക്കു" നൽകുന്നതിനെ കുറിച്ചു പറഞ്ഞു. വിശുദ്ധമായതിനെ ഒരു നായ് ഒരിക്കലും അനുമോദിക്കുവാൻ സാധ്യതയില്ല. ആ വേദഭാഗം പുരോഹിതന്മാർ യാഗപീഠത്തിൽ യാഗമർപ്പിച്ച വിശുദ്ധമായ മാംസം നായ്ക്കൾക്കു എറിഞ്ഞു കൊടുക്കുന്ന സാഹചര്യത്തെ കുറിച്ചാണ് പറഞ്ഞിരിക്കുന്നതെന്നു ചിലർ കരുതുന്നു. അത് ഒരിക്കലും, ഒരിക്കലും, ഒരിക്കലും ചെയ്യുവാൻ പാടില്ല. ശേഷിക്കുന്ന ഏതൊരു ബലിമൃഗത്തിന്റെ ഭാഗവും ചുട്ടുകളയുകയായിരുന്നു പതിവു (ലേവ്യാപുസ്തകം 6:24–30; 7:17).

പിന്നെ യേശു "പന്നികളുടെ മുൻപിൽ മുത്തുകൾ" ഇടുന്നതിനെ കുറിച്ചുപറഞ്ഞു. വിശുദ്ധമായതു നായ്ക്കൾക്കു അനുമോദിക്കുവാൻ കഴിയാത്തതുപോലെ, മുത്തുകളെയും പന്നികൾ ഒരിക്കലും അനുമോദിക്കുകയില്ല. മുത്തു

കൾ ഭക്ഷ്യയോഗ്യമല്ല എന്ന് കാണുന്ന ഉടനെ (ഒരുപക്ഷെ ആ മുത്തെടുത്ത് കടിച്ച് പല്ലിനു കുഴപ്പം നേരിടുകയാണെങ്കിൽ), അവ തീർച്ചയായും "തിരിഞ്ഞു നിങ്ങളെ ചീന്തിക്കളയുവാൻ" മുതിർന്നേക്കാം. ഉച്ചസമയത്ത് പന്നികൾക്ക് ആഹാരം കൊടുക്കുവാൻ പോയിരുന്ന എന്റെ കഴിഞ്ഞ–കാലത്തെ കുറിച്ച് ഞാൻ ഓർക്കുന്നു. ഒരു പഴയ ഇരുമ്പു പാത്രത്തിൽ ഞാൻ അവയ്ക്ക് ആഹാരം കൂട്ടി ഇളക്കുന്ന ശബ്ദം കേട്ടാൽ ഉടനെ, അവ കലപില ശബ്ദം ഉണ്ടാക്കുവാൻ തുടങ്ങും. ഞാൻ അവയുടെ തൊഴുത്തിനടുത്തെത്തുമ്പോൾ, അവ ഒന്നിനുമുകളിൽ ഒന്നായി കയറി ബഹളം കൂട്ടിക്കൊണ്ടിരിക്കും. ചുരുങ്ങിയതു മൂന്നോ നാലോ വിശപ്പുള്ള പന്നികൾക്കു മാത്രം തികയുന്ന ആഹാരം, അവയുടെ പാത്രത്തിലേക്ക് പകരുവാൻ തന്നെ എനിക്കുവിഷമമായിരുന്നു. ആ പാത്രത്തിലേക്ക് ധാന്യവും പാലും കലർന്ന ആഹാരത്തിനുപകരം മുത്തുകളാണ് ഞാൻ എറിഞ്ഞിട്ടതെങ്കിൽ, പന്നികൾ അതു തിരിച്ചറിഞ്ഞാൽ, ഞാൻ പ്രാർത്ഥിക്കുന്നത് അവയുടെ വേലി ശക്തമായിരിക്കട്ടെ എന്നതായിരിക്കും!

ഇപ്പോൾ നാം ചോദിക്കേണ്ടത്, "ആരെയാണ് യേശു 'നായ്ക്കൾ' എന്നും 'പന്നികൾ' എന്നും സൂചിപ്പിച്ചത്?" ആ ചോദ്യത്തിന് നന്നായി ഉത്തരം ലഭിക്കേണ്ടതിന് ഇങ്ങനെ ആദ്യം ചോദിക്കണം, "'വിശുദ്ധമായത്' എന്നും 'മുത്തുകൾ' എന്നും പറയുന്നത് എന്താണ്?" യേശു രാജ്യത്തെ (സഭ) "വലിയ വിലയുള്ള *മുത്ത്*" ആയി സൂചിപ്പിച്ചു (മത്തായി 13:45, 46). രാജ്യത്തെ (സഭ) കുറിച്ചുള്ള സന്ദേശം അറിയപ്പെടുന്നത് സദ്‌വാർത്ത (സുവിശേഷം) എന്നാണ് (നോക്കുക മത്തായി 4:23; 9:35; 24:14). ദൈവവചനം *വിശുദ്ധ*മാണ് (റോമർ 1:2; 2 പത്രൊസ് 2:21), ഈ വിശുദ്ധ സന്ദേശം ഒരു "നിക്ഷേപം" ആയും പറഞ്ഞിട്ടുണ്ട് (2 കൊരിന്ത്യർ 4:7).

ഇവയെല്ലാം സത്യമായതുകൊണ്ട്, മിക്ക വ്യാഖ്യാതാക്കളും വിശ്വസിക്കുന്നത് ദൈവവചനത്തെ ആത്മീയമായി അനുമോദിക്കുവാൻ കഴിവില്ലാത്തവർക്കു അതു നൽകുന്നതിനെതിരെ ക്രിസ്തു മുന്നറിയിച്ചിരിക്കുന്നു എന്നാണ്: അവർ സത്യത്തെ നിരന്തരമായി ത്യജിക്കുന്നവരും, തിത്തോസ് 1:15 ൽ പറഞ്ഞിരിക്കുന്ന "മലിനന്മാർക്കും അവിശ്വാസികൾക്കും," അവരുടെ "ചിത്തവും മനസാക്ഷിയും ... മലിനമായി തീർ ന്നിരിക്കുന്ന" തരം ആളുകളുമാണ്. തന്റെ വാക്കുകൾ സ്വീകരിക്കാതെ തള്ളിക്കളഞ്ഞ പരീശന്മാരും ശാസ്ത്രിമാരും ആയിരുന്നിരിക്കാം യേശുവിന്റെ മനസ്സിൽ.

വാക്യം 6–ന്റെ ആ വിശദീകരണത്തോടു ചില വ്യാഖ്യാതാക്കൾ യോജിക്കുന്നില്ല, എന്നാൽ ഞാൻ വിശ്വസിക്കുന്നത് ഇത് ആ വേദഭാഗത്തിന്റെ ഏറ്റവും നിസ്സാരമായ വിശദീകരണവും അത് തിരുവെഴുത്തിലെ മറ്റു വേദഭാഗങ്ങളുമായി യോജിക്കുന്നതുമാണ് എന്നാണ്. "പരിമിത ആജ്ഞ" നൽകുന്നതിൽ, യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞതു അവരുടെ വാക്കുകൾ കൈക്കൊള്ളാതെയിരിക്കുന്നവരെ വിട്ടുപോകുമ്പോൾ അവരുടെ കാലിലെ[16] പൊടി തട്ടികളഞ്ഞുകൊണ്ട് മുന്നോട്ടു പോകുവാനാണ് (മത്തായി 10:13, 14).[17] പൗലൊസിന്റെ സന്ദേശം യെഹൂദന്മാർ ഓരോ സമയത്തും തള്ളികളഞ്ഞിരുന്നു, അപ്പോൾ അവൻ ജാതികളിലേക്കു തിരിഞ്ഞു (പ്രവൃത്തികൾ 13:44–51; 18:5, 6; 19:9; 28:17–28).

ഇത് നടപ്പിലാക്കുവാൻ പ്രയാസമുള്ള വിധിയാണ്. ആരെയെങ്കിലും ഒരു "നായ്" അല്ലെങ്കിൽ ഒരു "പന്നി" ആയി മുൻകൂട്ടി തീരുമാനിക്കുവാൻ നമുക്ക് അവകാശമില്ല. സ്നേഹം എല്ലായ്പ്പോഴും ഏറ്റവും നല്ലതു വിശ്വസിക്കുന്നു,

എല്ലാവരും സുവിശേഷം കേൾക്കുവാൻ നാം സന്ദർഭം ഒരുക്കുകയും വേണം (മത്തായി 28:18–20; മർക്കൊസ് 16:15, 16). നേരെമറിച്ച്, നാം തുടർച്ചയായിട്ട് ആരെയെങ്കിലും ഉപദേശിക്കുവാൻ ശ്രമിക്കുകയും അയാളതു നിരന്തരമായി തള്ളികളയുകയും ചെയ്യുകയാണെങ്കിൽ, ഏതെങ്കിലും ഒരു സന്ദർഭത്തിൽ, നമ്മുടെ സാമാന്യ ബുദ്ധി ഇങ്ങനെ (നല്ല കാര്യവിചാരകന്മാരാകേണ്ടതിനുള്ള നമ്മുടെ കാലത്തെ[18] തത്വവും) പറയും, "പന്നികളുടെ മുൻപിൽ മുത്ത് വിതറുന്നതു നിർത്തിയിട്ട് മറ്റാരെയെങ്കിലും പഠിപ്പിക്കുവാൻ കണ്ടെത്തുക."[19]

7:1–12 ലെ യേശുവിന്റെ ചിത്രീകരണങ്ങൾ വ്യക്തമാക്കുന്നത് നാം പല സ്വഭാവത്തിലുള്ള ധാരാളം ആളുകളുമായി സഹകരിക്കണമെന്നും, ഓരോരുത്തരോടും ഏതുവിധത്തിൽ പെരുമാറണമെന്നു നാം പഠിക്കണമെന്നുമാണ്. കണ്ണിൽ കരടുള്ള ഉപദ്രവകാരികളായ ആളുകളുണ്ട്, നമ്മുടെ സ്നേഹവും ശ്രദ്ധയും ആവശ്യമുള്ളവരുമുണ്ട്. നമുക്കൊരിക്കലും സഹായിക്കുവാൻ കഴിയാത്ത നായ്ക്കളും പന്നികളുമുണ്ട്. അവരോടു അടുക്കുവാനുള്ള നമ്മുടെ എല്ലാ ശ്രമത്തെയും അവർ പ്രതിരോധിച്ചുകൊണ്ടിരിക്കും. അവരുടെ താല്പര്യം നമ്മളെ എങ്ങനെ ചീന്തിക്കളയാം എന്നതു മാത്രമായിരിക്കും. അത്തരം വ്യക്തികളോടു നമുക്കു ചെയ്യാവുന്നതു അവരെ അവരുടെ വഴിക്കു വിട്ടു കളക എന്നതാണ്.

തന്റെ കണ്ണുനീർകൊണ്ട് യേശുവിന്റെ കാൽ കഴുകിയ സ്ത്രീ യോടും (ലൂക്കൊസ് 7:36–50) വ്യഭിചാരകുറ്റത്തിൽ പിടിക്കപ്പെട്ടു തന്റെ അടുക്കൽ കൊണ്ടുവന്ന സ്ത്രീയോടുമുള്ള യേശുവിന്റെ മൃദുലമായ പെരുമാറ്റത്തെ കുറിച്ചു ചിന്തിക്കുക (യോഹന്നാൻ 8:2–11). ഇതിനെ മത്തായി 23–ൽ ശാസ്ത്രിമാരെയും പരീശന്മാരെയും അവൻ വൃണപ്പെടുത്തുന്നതുമായി വ്യത്യാസം നോക്കുക. വീണ്ടും വീണ്ടും, അവൻ പറഞ്ഞു, "*കപടഭക്തിക്കാരായ,* പരീശന്മാരും ശാസ്ത്രിമാരുമായുള്ളോരേ, നിങ്ങൾക്ക് ഹാ കഷ്ടം" (വാ. 13–15, 23, 25, 27, 29; എംഫസിസ് മൈൻ).

പട്ടികളെ അല്ലെങ്കിൽ പന്നികളെ വെടി വെച്ചുകൊല്ലുവാനല്ല ക്രിസ്തു പറഞ്ഞത്. അവയെ വിട്ടുകളഞ്ഞേക്കുക എന്നു മാത്രമാണ് ക്രിസ്തു പറഞ്ഞത്: വിശുദ്ധമായവ അവയ്ക്കു നേരെ എറിയരുത്; അവയ്ക്ക് മുത്തുകൾ ഇട്ടുകൊടുക്കരുത്. ഇവിടെ പൗലൊസിന്റെ താക്കീതു യോജിക്കുന്നതാണ്: "കഴിയുമെങ്കിൽ, *നിങ്ങളാൽ ആവോളം,* സകലമനുഷ്യരോടും സമാധാനമായിരിപ്പിൻ" (റോമർ 12:18; എംഫസിസ് മൈൻ).

**മറ്റുള്ളവരുമായി ഇടപെടുന്നതിനുള്ള ആവശ്യം #5:**

## ദൈവത്തിൽ ആശ്രയിക്കുവാൻ നാം തീരുമാനിക്കണം (വാ. 7-11).

ഇതു നമ്മെ കൊണ്ടുവരുന്നത് വാക്യങ്ങൾ 7 മുതൽ 11 വരെയുള്ള, പ്രാർത്ഥനയെ കുറിച്ചുള്ള മഹത്തായ സന്ദേശത്തിലേക്കാണ്. ഈ പ്രസംഗത്തിൽ ആ വാക്യങ്ങളുടെ വിശദാംശങ്ങളിലേക്ക് ഞാൻ പോകുന്നില്ല. മറിച്ച്, നാം ഇപ്പോൾ വിശദീകരിക്കുന്ന വിഷയത്തിന്റെ സന്ദർഭവുമായി ആ വേദഭാഗം എങ്ങനെ യോജിക്കുന്നു എന്നു പറയുവാൻ, ഞാൻ ഉദ്ദേശിക്കുന്നു: മറ്റുള്ളവരുമായി നാം

എങ്ങനെ ഇടപെടണം.

നാം വിധിക്കുന്നവർ അല്ല ആകേണ്ടത്, മറ്റുള്ളവരോടു ദയയും കരുണയും ഉള്ളവരാകണം എന്നു നാം പഠിച്ചു കഴിഞ്ഞു. അതേ സമയം, നാം എന്തിനേയും കണ്ണടച്ചു വിശ്വസിക്കുന്നവർ ആകരുത്; കാലിലെ പൊടി എപ്പോൾ തട്ടിക്കളയണമെന്നു നാം അറിഞ്ഞിരിക്കണം എന്നതിന് ഊന്നൽ നൽകിയിരിക്കുന്നു. അങ്ങനെ വിധിക്കുന്നതു പ്രയാസമാണ്. നാം മൃദുവായിരിക്കേണ്ട സമയത്ത് പരുഷമായ പെരുമാറ്റത്തെ തടയുവാൻ, അല്ലെങ്കിൽ പരുഷമായിരിക്കേണ്ട സമയത്ത് മൃദുവായ പെരുമാറ്റത്തെ തടയുവാൻ നമുക്ക് എങ്ങനെ കഴിയും? അതിനുള്ള ഉത്തരം 7 മുതൽ 11 വരെയുള്ള വാക്യങ്ങൾ നല്കുന്നു. നാം ദൈവത്തിൽ ആശ്രയിക്കണം:

> യാചിപ്പിൻ, എന്നാൽ നിങ്ങൾക്ക് കിട്ടും; അന്വേഷിപ്പിൻ, എന്നാൽ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ, എന്നാൽ നിങ്ങൾക്ക് തുറക്കും. യാചിക്കുന്ന ഏവന്നും ലഭിക്കുന്നു, അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു, മുട്ടുന്നവന്നു തുറക്കും. മകൻ അപ്പം ചോദിച്ചാൽ, അവന്നു കല്ലു കൊടുക്കുന്ന മനുഷ്യൻ, നിങ്ങളിൽ ആരുള്ളു? മീൻ ചോദിച്ചാൽ, അവന്നു, പാമ്പിനെ കൊടുക്കുമോ? അങ്ങനെ, ദോഷികളായ നിങ്ങൾ, നിങ്ങളുടെ മക്കൾക്ക് നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ, സ്വർഗസ്ഥനായ നിങ്ങളുടെ പിതാവ് തന്നോട് യാചിക്കുന്നവർക്ക് നന്മ എത്ര അധികം കൊടുക്കും!

അവ എത്ര വലിയ വാക്യങ്ങൾ! ദൈവം പ്രാർത്ഥനക്ക് ഉത്തരം നല്കും! ഒരു സ്നേഹമുള്ള അച്ഛൻ തന്റെ മക്കളുടെ ആവശ്യങ്ങളോടും അപേക്ഷകളോടും പ്രതികരിക്കുന്നതുപോലെ, ദൈവം നമ്മോടും പ്രതികരിക്കുന്നു.

ഈ വേദഭാഗം നമ്മുടെ വിഷയവുമായി പല വിധത്തിൽ ബന്ധപ്പെട്ടിരിക്കുന്നു. ഉദാഹരണമായി, ദൈവം നമ്മോടു കരുണ കാണിക്കുന്നു, നാമും മറ്റുള്ളവരോടു കരുണ കാണിക്കണം എന്ന് അതു സൂചിപ്പിക്കുന്നു. പ്രത്യേകിച്ച്, നമുക്ക് നമ്മുടെ ആവശ്യങ്ങളുമായി ദൈവത്തെ സമീപിക്കാമെന്ന് അതു ഊന്നൽ നൽകുന്നു – ഈ സന്ദർഭത്തിൽ, മറ്റുള്ളവരോടു എങ്ങനെ പെരുമാറണം എന്നറിയേണ്ടതിന്റെ ആവശ്യകത. ഈ കാര്യത്തിൽ, സന്ദേശം യാക്കൊബ് 1:5–ലുള്ള തിനോടു യോജിക്കുന്നു: "നിങ്ങളിൽ ഒരുത്തന്നു ജ്ഞാനം കുറവാകുന്നു എങ്കിൽ, ഭത്സിക്കാതെ എല്ലാവർക്കും ഔദാര്യമായി കൊടുക്കുന്നവനായ ദൈവത്തോടു യാചിക്കട്ടെ."

വാക്യം 11 പറയുന്നു ദൈവം "തന്നോട് യാചിക്കുന്നവർക്ക് *നന്മ* എത്ര അധികം കൊടുക്കും!" ചിലർ പറഞ്ഞേക്കാം, "ഒരു വലിയ വീടാണ് നല്ലത് ... അല്ലെങ്കിൽ നല്ല യാത്രാ സൗകര്യം വേണം ... അല്ലെങ്കിൽ കൂടുതൽ–ശമ്പളമുള്ള ജോലിയാണ് നല്ലത്" – എന്നാൽ വാസ്തവത്തിൽ "നല്ലത്" എന്താണ്? ആത്മിയ ദാനങ്ങളല്ലേ ഏറ്റവും നല്ലത്? അവയിൽ തിരിച്ചറിവുള്ള മനോഭാവവും ഉൾപ്പെടുന്നു: എല്ലാ തരത്തിലുമുള്ള ആളുകളുമായി ഇടപെടുന്നതിനുള്ള കഴിവ്. നിങ്ങൾ ആളുകളുമായി ഇടപെടുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, ബന്ധങ്ങൾ പ്രാധാന്യമുള്ളതാണെന്നു നിങ്ങൾ കരുതുന്നുവെങ്കിൽ, നിങ്ങൾ പ്രാർത്ഥനക്കായി അധികം സമയം ചിലവിടും.

## മറ്റുള്ളവരുമായി ഇടപെടുന്നതിനുള്ള ആവശ്യം #6:

## നാം സുവർണ്ണനിയമം അനുസരിച്ച് ജീവിക്കണം (വാ. 12).

നാം അവസാനം വാക്യം 12–ൽ എത്തിയിരിക്കുന്നു. ഗിരിപ്രഭാഷണത്തിലെ ഏറ്റവും ഉയർന്ന പോയിന്റായി ഈ വാക്യത്തെ അറിയപ്പെടുന്നു. തീർച്ചയായും, എങ്ങനെ മറ്റുള്ളവരുമായി ഇടപെടണമെന്നതിന്റെ അവസാനഘട്ടത്തെ വിവരിക്കുന്നതാണത്. ആ വേദഭാഗം ആരംഭിക്കുന്നത് ഇങ്ങനെയാണ്, "ആകയാൽ, എല്ലാറ്റിലും. ..." ഒരർത്ഥത്തിൽ, മനുഷ്യബന്ധങ്ങളെ കുറിച്ചുള്ള പ്രസംഗത്തിൽ പറഞ്ഞു കഴിഞ്ഞതിന്റെ എല്ലാം ചുരുക്കമാണത് – അതു സഹോദരനുമായി അല്ലെങ്കിൽ ശത്രുവുമായിട്ടുള്ള ബന്ധമായാലും, സ്നേഹിതനുമായി അല്ലെങ്കിൽ എതിരാളിയുമായിട്ടുള്ള ബന്ധമായാലും ശരി. പ്രത്യേകമായി, മറ്റുള്ളവരുമായി ഇടപെടുന്നതിനെ കുറിച്ച് 7:1–11 ൽ നാം പഠിച്ചവയെല്ലാം അതു ചുരുക്കിപ്പറയുന്നു: "ആകയാൽ, എല്ലാറ്റിലും, മനുഷ്യർ നിങ്ങ ൾക്കു ചെയ്യേണം എന്നു നിങ്ങൾ ഇച്ഛിക്കുന്നതു ഒക്കെയും നിങ്ങൾ അവർക്കും ചെയ്യുവിൻ, ന്യായപ്രമാണവും പ്രവാചകന്മാരും ഇതുതന്നേ." നാം സാധാരണ അതിനെ ഈ വിധത്തിൽ പറയും: "മറ്റുള്ളവർക്കു നിങ്ങൾ ചെയ്യേണം എന്നു നിങ്ങൾ ആഗ്രഹിക്കുന്നത് നിങ്ങൾ അവർക്കു ചെയ്വിൻ." യേശുവിന്റെ ഈ പ്രസ്താവന ഒരുപക്ഷെ സർവ്വസാധാരണമായി ഏറ്റവും–കൂടുതൽ അറിയപ്പെടുന്ന ഒന്നാണ്. മിക്കവാറും എല്ലാവരും[20] ആ വാക്കുകളെ ആശ്ചര്യത്തോടെ കാണും; ആ പ്രമാണമനുസരിച്ച് ജീവിക്കാത്തവർ പോലും ആ തത്വത്തിൽ ആശ്ചര്യപ്പെടും.

യേശുവിനു മുൻപ്, വാക്യം 12–ന്റെ തത്വത്തെ പലരും എതിരായി ഉപയോഗിച്ചിട്ടുണ്ട്: "നിങ്ങളോടു ആളുകൾക്ക് ചെയ്യുവാൻ ആഗ്രഹമി*ല്ലാത്തത്* നിങ്ങൾ അവർക്കു ചെയ്യ*രുത്*." ഇതു പറഞ്ഞവരിൽ സോക്രെറ്റീസ്, അരിസ്റ്റോട്ടിൽ, ഹിറ്റ്ലർ (അറിയപ്പെട്ട യെഹൂദ പണ്ഡിതൻ), കൺഫ്യൂഷിയസ്, ബുദ്ധൻ എന്നിവർ ഉൾപ്പെടുന്നു. എങ്ങനെയായാലും, യേശുവാണ്, ആദ്യം അതിനെ സ്പഷ്ടമായി പ്രകടിപ്പിച്ചത്: "മറ്റുള്ളവർക്കു *ചെയ്വിൻ*...."

അവ്യക്തവും വ്യക്തവുമായ മനോഭാവങ്ങൾക്കിടയിൽ വളരെയധികം വ്യത്യാസമുണ്ട് – "ഇല്ല" എന്ന വാക്ക് ഉൾപ്പെടുത്തുകയോ ഒഴിവാക്കുകയോ ചെയ്യുന്നതിനും അപ്പുറമാണ് ആ വ്യത്യാസം. നിഷേധ പ്രസ്താവന അധികവും സ്വയ–രക്ഷയുടെ കാര്യമാണ്, എന്നാൽ സ്വയം–മറക്കുന്നതിനെ കുറിച്ചുള്ളതാണ് വാസ്തവികമായ പ്രസ്താവന. ഒന്നും ചെയ്യാതെ[21] തന്നെ നിഷേധപ്രസ്താവന നിറവേറ്റുവാൻ സാധിക്കും, എന്നാൽ നന്മ ചെയ്തുകൊണ്ടു മാത്രമേ ഒരാൾക്കു വാസ്തവികമായ പ്രസ്താവന നിറവേറ്റുവാൻ കഴിയൂ. നിഷേധ തത്വത്തെ സ്വീകരിക്കുവാൻ ഒരാൾ മതപരമാകണമെന്നുപോലുമില്ല, കാരണം അത് ജീവിതത്തെ സ്വാഭാവികമായി നോക്കി കാണുന്ന രീതിയാണ് – എന്നാൽ രണ്ടാമത്തേതു തികച്ചും മതത്തിൽ അധിഷ്ഠിതമായതാണ് (വാ. 12). ഫിലിപ്പിന്റെ തർജ്ജിമയിൽ "ഇതാണ് വാസ്തവത്തിലുള്ള എല്ലാ മതത്തിന്റെയും[22] സത്ത" എന്നാണ്.

ആ വേദഭാഗം നമ്മുടെ വിവരണത്തിന്റെ അവസാനഭാഗത്തു വരുന്നത്

അതു മുൻപു പറഞ്ഞതിനെയെല്ലാം ചുരുക്കിപ്പറയുന്നതുകൊണ്ടാണ്, ബന്ധങ്ങളിൽ ഉയരുന്ന ആയിരത്തിലധികം സാഹചര്യങ്ങൾ ഉൾപ്പെടുന്ന ഒരു തത്വത്തെ അതു പ്രസ്താവിക്കുന്നതുകൊണ്ട് അത് ഇവിടെയും വരുന്നു. ബന്ധത്തെ സംബന്ധിച്ച എല്ലാ പ്രശ്നവും കൈകാര്യം ചെയ്യുവാൻ സാധ്യമായ ഒരു പുസ്തകം നിങ്ങൾക്ക് ഉണ്ടെന്നു കരുതുക. അത് എത്ര വലിയ പുസ്തകം ആയിരിക്കുമെന്നു കാണുവാൻ ശ്രമിക്കുക. പിന്നെ നിങ്ങൾ ആരുടെയെങ്കിലും കാര്യത്തിൽ ഇടപെടുന്നതായും ഒരു പ്രതിസന്ധി ഉയരുന്നതായും കരുതുക. നിങ്ങൾ അത് എങ്ങനെ കൈകാര്യം ചെയ്യണമെന്ന് അറിയാൻ ഓരോ പേജും തിരക്കിട്ടു നോക്കുവാൻ തുടങ്ങും. ഒരുപക്ഷെ ഒരു മണിക്കൂർ കഴിഞ്ഞ്, നിങ്ങൾക്കാവശ്യമുള്ള ഉത്തരം നിങ്ങൾ കണ്ടെത്തുന്നു – എന്നാൽ അപ്പോഴേക്കും മറ്റെയാൾ പോയിരിക്കും. നിങ്ങൾക്ക് അത്തരം ഒരു വലിയ പുസ്തകം തരുന്നതിനുപകരം, യേശു പറഞ്ഞു, വാസ്തവത്തിൽ, "ഏത് പ്രതിസന്ധിയും കൈകാര്യം ചെയ്യുവാൻ ഇതാ ഒരു മാർഗ്ഗം: നിങ്ങളോടുതന്നെ ചോദിക്കുക, 'ആ സാഹചര്യം തിരിച്ചായിരുന്നുവെങ്കിലോ? ഞാൻ എങ്ങനെയാണ് എന്നോടു പെരുമാറുവാൻ ആഗ്രഹിക്കുക?' പിന്നെ മറ്റേ വ്യക്തിയോടു അങ്ങനെ പെരുമാറുക."

ഇത് എത്ര നിസ്സാരമാണ്, എന്നാൽ അതെത്ര ഉന്നതവുമാണ്! ഈ അടിസ്ഥാനത്തിലാണ് ആളുകൾ എല്ലാം ജീവിക്കുന്നതെങ്കിൽ ലോകം എങ്ങനെ ആകും എന്നു നിങ്ങൾക്കു ഊഹിക്കാമോ? എല്ലാ വ്യാപാരവും അങ്ങനെ നടത്തിയാൽ എന്തായിരിക്കും സ്ഥിതി? എല്ലാ ജോലിക്കാരും മറ്റുള്ളവർ തങ്ങളോടു പെരുമാറണം എന്നാഗ്രഹിക്കുന്നതുപോലെ പരസ്പരം പെരുമാറിയാൽ എന്തായിരിക്കും സ്ഥിതി? എല്ലാ സംഘടനകളും ഈ തത്വത്തെ ബഹുമാനിച്ചാൽ എന്തായിരിക്കും ഫലം? തങ്ങളോടു മറ്റുള്ളവർ പെരുമാറണം എന്നാഗ്രഹിക്കുന്നതുപോലെ ഓരോ ഭവനത്തിലെയും, ഓരോ സ്കൂളിലെയും, ഓരോ ദേശത്തെയും, ഓരോ ഇടവകയിലെയും ആളുകൾ പെരുമാറിയാൽ എന്തായിരിക്കും സ്ഥിതി?

നാം സാമാന്യബുദ്ധി ഉപയോഗിക്കുവാൻ കർത്താവു ആഗ്രഹിക്കുന്നു എന്നു ഞാൻ ഒരിക്കൽകൂടി അവസാനമായി നിർത്തി വ്യക്തമാക്കട്ടെ. മത്തായി 7:12 പറയുന്നതു നാം നമ്മുടെ സ്ഥാനത്തു മറ്റുള്ളവരെ പ്രതിഷ്ഠിക്കുമ്പോൾ, നാം എന്തെങ്കിലും ദോഷമുള്ളത് ആഗ്രഹിക്കാതിരിക്കുവാൻ *തക്കവണ്ണം നല്ലവർ* ആയിരിക്കണം, എന്തെങ്കിലും വിഡ്ഢിത്തമായത്[23] ആഗ്രഹിക്കാതിരിക്കുവാൻ *തക്കവണ്ണം ബുദ്ധിയുള്ള*വർ ആയിരിക്കണം. അല്ലെങ്കിൽ, മദ്യപാനി ചിന്തിക്കും, "ആളുകൾ എനിക്ക് മദ്യം തരേണം എന്നു ഞാൻ ആഗ്രഹിക്കുന്നു, അതുകൊണ്ട് മറ്റുള്ളവർ എനിക്കുചെയ്യേണമെന്നു ആഗ്രഹിക്കുന്നത് ഞാൻ അവർക്കു ചെയ്യും – എല്ലാവർക്കും ധാരാളം മദ്യകുപ്പികൾ[24] വിതരണവും ചെയ്യും." വ്യക്തിപരമായി ചിത്രീകരണം ഉപയോഗിക്കുവാൻ, ഞാൻ പറയും, "എനിക്ക് കഴിക്കുവാൻ ഇഷ്ടം കരളും ഉള്ളിയുമാണ്,[25] അതുകൊണ്ട് അടുത്തപ്രാവശ്യം ഞാൻ ഒരു ആഹാരം പാചകം ചെയ്യും, ഞാൻ എന്റെ ഭാര്യക്കു വേണ്ടി കരളും ഉള്ളിയും പാചകം ചെയ്യും" – അവൾ കരളും ഉള്ളിയും *വെറുക്കുന്നു* എന്ന വസ്തുത കാര്യമാക്കാതെയാണ്.

സുവർണ്ണനിയമം എന്താണെന്ന് നമുക്കു മിക്കപേർക്കും അറിയാമെന്നു ഞാൻ കരുതുന്നു. എല്ലാ ആളുകൾക്കും പൊതുവായി പ്രയോഗിക്കാവുന്ന സത്യമാണ് ആ വേദഭാഗത്തിൽ ഉള്ളത്. നമ്മോട് എല്ലാവരും മൃദുവായും

മനസ്സലിവോടുകൂടെയും ഇടപെടണമെന്നു നാം ആഗ്രഹിക്കുന്നു, അതുകൊണ്ട് നാം എല്ലാവരോടും ആ രീതിയിൽ പെരുമാറണം. നാം അനുമോദിക്കപ്പെടുവാൻ ആഗ്രഹിക്കുന്നു, അതുകൊണ്ട് നാം മറ്റുള്ളവരോടു അഭിനന്ദനം പ്രകടിപ്പിക്കണം. മറ്റുള്ളവർ നമ്മളിലെ ഏറ്റവും നല്ലത് വിശ്വസിക്കണമെന്നു നാം ആഗ്രഹിക്കുന്നു, നാം ചെയ്യേണ്ടതിനുള്ള നല്ല മാതൃക അവതരിപ്പിക്കണമെന്നു നാം ആഗ്രഹിക്കുന്നു, അതുകൊണ്ടു മറ്റുള്ളരോടും അങ്ങനെ തന്നെ ചെയ്യണം. ഇങ്ങനെ നിങ്ങൾക്ക് ആ ലിസ്റ്റ് വിപുലീകരിക്കാം: മറ്റുള്ളവർ നമ്മെ മനസ്സിലാക്കുവാൻ ശ്രമിക്കണമെന്നും, നമ്മുടെ കുറവുകളെ ദയയോടെ ഉൾക്കൊള്ളണമെന്നും, നമ്മോടു ക്ഷമിക്കണമെന്നും നാം ആഗ്രഹിക്കുന്നു – അതുകൊണ്ടു അവർ നമ്മോടു ചെയ്യണമെന്നു ആഗ്രഹിക്കുന്നതുപോലെ "അവരോടും ചെയ്യുക."

എല്ലാവരും അങ്ങനെ എല്ലാവരോടും നല്ല രീതിയിൽ പെരുമാറുന്ന ഒരു ലോകത്ത് നാം ജീവിച്ചിരുന്നെങ്കിൽ അത് മനോഹരമായിരിക്കുകയില്ലേ? *നമ്മൾ* എല്ലാവരോടും അങ്ങനെ പെരുമാറുകയാണെങ്കിൽ അതു മനോഹരമാവുകയില്ലേ?

**ഉപസംഹാരം**

ക്രിസ്ത്യാനിത്വം ഗാന്ധിയെ[26] ആദ്യം വളരെയധികം സ്വാധീനിച്ചിരുന്നു എന്നു ഞാൻ കേട്ടിട്ടുണ്ട്, പ്രത്യേകിച്ച് സുവർണ്ണനിയമം അടക്കമുള്ള, ഗിരിപ്രഭാഷണത്തിലെ മഹത്തായ ഉപദേശങ്ങൾ അദ്ദേഹത്തെ ആകർഷിച്ചിരുന്നു. പിന്നെ എന്തുകൊണ്ടു ക്രിസ്ത്യാനിയായില്ല എന്നു ചോദിച്ചപ്പോൾ, അദ്ദേഹം ദുഃഖത്തോടെ പറഞ്ഞത് ആ തത്വങ്ങൾ അനുസരിച്ചു *ജീവിക്കുന്ന* ഒരു ക്രിസ്ത്യാനിയെയും ഞാൻ കണ്ടിട്ടില്ല എന്നാണ്. നാം പഠിച്ച തത്വങ്ങൾ അനുസരിച്ച് ഞാൻ ജീവിക്കുന്നുണ്ടോ? നിങ്ങളോ?

മത്തായി 7:1–12 നെ തുടർന്നുവരുന്നത് ഈ സുപരിചിതമായ വാക്കുകളാണ്:

> ഇടുക്കുവാതിലൂടെ അകത്തുകടപ്പിൻ; നാശത്തിലേക്കുപോകുന്ന വാതിൽ വീതിയുള്ളതും വഴി വിശാലവും, അതിൽകൂടി കടക്കുന്നവർ അനേകരുമാകുന്നു. ജീവങ്കലേക്കുപോകുന്ന വാതിൽ ഇടുക്കവും വഴി ഞെരുക്കവുമുള്ളത്, അതു കണ്ടെത്തുന്നവർ ചുരുക്കമത്രെ (വാ. 13, 14).

വഴി വളരെ ഇടുങ്ങിയതാണ് എന്നു പറയുവാൻ എനിക്കു ധൈര്യമുണ്ടാവണം കാരണം അതിൽ കൂടി കടക്കുവാൻ അനുവാദമുള്ളത് ...

- വിധിക്കാത്തവർ?
- തങ്ങളുടെ സ്വന്തം ജീവിതത്തിൽ തന്നെ ആദ്യം മാറ്റം വരുത്തേണമെന്നു കരുതുന്നവർ?
- സുബോധത്തോടും താഴ്മയോടും മറ്റുള്ളവരെ സഹായിക്കുന്നവർ?
- വ്യത്യാസങ്ങളും ബുദ്ധിമുട്ടുകളും എങ്ങനെ തരണം ചെയ്യണമെന്നു പഠിച്ചവർ?
- ദൈവത്തിൽ ആശ്രയിക്കുവാൻ തീരുമാനിച്ചവർ?
- സുവർണ്ണനിയമമനുസരിച്ചു ജീവിക്കുവാൻ ആഗ്രഹിക്കുന്നവർ?

അതെ, മത്തായി 7:13, 14 വെറും മനുഷ്യബന്ധത്തിനപ്പുറം പ്രയോഗിക്കേണ്ടതാണെന്നു എനിക്കറിയാം, എന്നാൽ തീർച്ചയായും ഇവയെല്ലാം ആ വേദഭാഗത്തിൽ ഉൾപ്പെടുന്നു. മറ്റുള്ള ആളുകളുമായിട്ട് ഒത്തുപോകേണ്ടതിനു ശീലിക്കേണ്ടത് എത്ര പ്രാധാന്യമുള്ളതാണ്!

കഴിഞ്ഞ കാലത്ത് നിങ്ങളോടു പെരുമാറുന്ന രീതിയിൽ നിങ്ങൾക്കു മറ്റുള്ളവരോടു പെരുമാറുവാൻ കഴിയാതെ പോയിട്ടുണ്ടോ? എനിക്ക് അങ്ങനെ ഉണ്ടായിട്ടുണ്ട്. നാം മാനസാന്തരപ്പെടുവാനും ഭാവിയിൽ[27] നല്ല രീതിയിൽ ജീവിക്കുവാനും തീരുമാനിക്കുകയാണെങ്കിൽ – നമ്മുടെ തെറ്റു കുറ്റങ്ങളെ, കരുണാസമ്പന്നനായ ദൈവം തന്റെ കൃപ മുഖാന്തരം, ക്ഷമിക്കുമെന്നു തിരിച്ചറിയുന്നത് അതിശയമുള്ളതായിരിക്കുകയില്ലേ? ഈ പ്രസംഗത്തിൽ ആദ്യം പറഞ്ഞ പോയിന്റ് എന്തെന്നാൽ *ആദ്യം* നാം നമ്മുടെ സ്വന്തം ജീവിതത്തിന് ആവശ്യമുള്ള മാറ്റങ്ങൾ വരുത്തുന്നതിനെ കുറിച്ചു കരുതൽ ഉള്ളവർ ആകണം എന്നതാണ്. സ്വയ–പരിശോധനക്കുള്ള സമയമായി. നിങ്ങളുടെ ജീവിതം പ്രധാനപ്പെട്ട മാറ്റം പ്രതീക്ഷിക്കുകയാണെങ്കിൽ ഞങ്ങൾ സഹായിക്കണമെന്നുണ്ടെങ്കിൽ, ഞങ്ങളെ അറിയിക്കുക.[28]

---

കുറിപ്പുകൾ

[1]കെജെവിയിൽ ഉള്ളത് ''മോട്ട്'' എന്നാണ്, അത് പഴയ ഒരു ഇംഗ്ലീഷ് വാക്കിൽനിന്നുള്ളതും അർത്ഥം "വളരെ ചെറിയ ഒരു വസ്തു" എന്നുമാണ്. [2]ചിലർ വിചാരിക്കുന്നത് അതു വീടിനെ താങ്ങിനിർത്തിയിരുന്ന മുള അല്ലെങ്കിൽ മേൽക്കൂരക്കു താങ്ങായി വരുന്ന തൂണ് ആണെന്നാണ്. എങ്ങനെയായാലും, അതു *വലിയ* ഒരു തടിക്കഷണമായിരുന്നു. [3]മറ്റൊരു ഉദാഹരണത്തിന്, മത്തായി 23:24 നോക്കുക. [4]നിങ്ങളുടെ സ്ഥലത്തിന് ഇത് അനുയോജ്യമാണെങ്കിൽ, നിങ്ങൾക്ക് ഇങ്ങനെ പറയാം, "ഇത് ആബോട്ട് ആന്റ് കോസ്റ്റെലോ എന്ന ചിത്രത്തിൽ നിന്നുള്ള ഒരു രംഗമാണ്, അല്ലെങ്കിൽ ത്രീ സ്റ്റൂജെസ് എന്ന ചിത്രത്തിൽ നിന്നുള്ളതാണ്!" [5]കണ്ണിൽ–കോലുള്ള മനുഷ്യൻ കണ്ണിൽ–കരടുള്ള മനുഷ്യനെ സഹായിക്കുവാൻ ശ്രമിക്കുന്നത് ഞാൻ മുടിവളരുവാൻ മറ്റൊരാളെ സഹായിക്കുന്നതിനു തുല്യമാണ്. (എനിക്ക് "കഷണ്ടി" യുണ്ട് [ലേവ്യാപുസ്തകം 13:41; കെജെവി].) [6]അതായത്, അവനെ കൊല്ലുവാൻ ദാവീദു ഒരുങ്ങിയിരുന്നു. [7]കെജെവി യിൽ "ബിഹോൾഡസ്റ്റ്" എന്നാണ് ഉള്ളത്. [8]മത്തായി 7:3–ലെ ഗ്രീക്കുവാക്ക് *ബ്ളെപ്പോ* എന്നത് "നോക്കുക" എന്നതിനുള്ള സാധാരണവാക്കിനെക്കാൾ "വലിയ ഉജ്ജ്വലതയെ" സൂചിപ്പിക്കുകയും "വളരെ അർത്ഥവത്തായ, ഗൗരവമുള്ള ഉദ്ദേശ്യത്തെ" പ്രകടിപ്പിക്കുന്നതുമാണ് (ഡബ്ളിയു. ഇ. വൈൻ, *ദ എക്സ്പാന്റഡ് വൈൻസ് എക്സ്പൊസിറ്ററി ഡിക്ഷ്ണറി ഓഫ് ന്യൂ ടെസ്റ്റമെന്റ് വേർഡ്സ്*, എഡി. ജോൺ ആർ. കോലെൻബെർഗർ III വിത്ത് ജെയിംസ് എ. സ്വാൻസൺ [മിന്നെപ്പൊലിസ്: ബെഥനി ഹൗസ് പബ്ളിഷേഴ്സ്, 1984], 106). [9]ഒരു ടെലിഫോൺ പോസ്റ്റ് എന്നത് തടികൊണ്ടുള്ള ഒരു "തൂണ്" അല്ലെങ്കിൽ "കോൽ" ആണെന്നു ശ്രോതാക്കൾക്കു അറിയാമല്ലോ. നിങ്ങളുടെ ശ്രോതാക്കൾക്കു പരിചയമുള്ളത് ഇവിടെ ഉപയോഗിക്കുക. [10]ജെ. ബി. ഫിലിപ്സ്, *ദ ന്യൂ ടെസ്റ്റമെന്റ് ഇൻ മോഡേൺ ഇംഗ്ലീഷ്* (ന്യൂയോർക്ക്: മാക്മില്ലൻ കമ്പനി., 1958), 344. (എംഫസിസ് മൈൻ.)

[11]സ്നേഹത്തിന്റെ പ്രധാന നിർവ്വചനങ്ങളിൽ ഒന്നിൽ ഇത് സൂചിപ്പിച്ചിട്ടുണ്ട്: "സ്നേഹിക്കപ്പെടുന്നയാളുടെ ഏറ്റവും നല്ലത് സ്നേഹം പ്രതീക്ഷിക്കുന്നു." പ്രിയപ്പെട്ട ഒരാളുടെ ജീവിതത്തിൽ ഉണ്ടാകുന്ന അയാളുടെ ജീവിതത്തെ നശിപ്പിക്കുന്ന പാപത്തെ, വാസ്തവത്തിലുള്ള സ്നേഹത്തിന് അവഗണിക്കുവാൻ കഴിയുകയില്ല. മത്തായി 18:15

കൂടെ നോക്കുക. [12]മത്തായി 5:23, 24–ൽ യേശു പറഞ്ഞതിനോട് സാമ്യമുള്ള ഒന്ന് എടുക്കാവുന്നതാണ്, അവിടെ യേശു പറഞ്ഞു "... *ആദ്യം* സഹോദരനോടു നിരന്നുകൊൾക, *പിന്നെ* ചെന്നു യാഗം അർപ്പിക്കുക." (എംഫസിസ് മൈൻ.) വഴിപാടുകളെ നിരുത്സാഹപ്പെടുത്തുക എന്നതായിരുന്നില്ല ക്രിസ്തുവിന്റെ ഉദ്ദേശം; മറിച്ച്, വഴിപാടുകൾ നടത്തുന്നതിനു *മുൻപു* ചെയ്യേണ്ടതെന്താണെന്ന് അവൻ ഊന്നി പറയുകയായിരുന്നു. [13]നിങ്ങളുടെ കണ്ണിലെ ഒരു കരട് എടുത്തുകളയുന്നതിനു സഹായിക്കുവാൻ നിങ്ങൾ ആരോടെങ്കിലും പറയുകയും അയാൾ ഇറച്ചിവെട്ടുന്ന ഒരു കത്തിയുമായി നിങ്ങളുടെ അടുത്തേക്കു വരുകയും ചെയ്താൽ, നിങ്ങളുടെ പ്രതികരണം എന്തായിരിക്കും? [14]പന്നിയെ പ്രത്യേകമായി പറഞ്ഞിരുന്നത് "അശുദ്ധ" മൃഗമായിട്ടാണ് (ലേവ്യാപുസ്തകം 11:7); നായ് "അശുദ്ധ" മാകുവാൻ കാരണം അതിന്റെ കുളമ്പുകൾ പിളർന്നിട്ടില്ല അത് അയവിറക്കുന്നുമില്ല (വാ. 3, 4). [15]ഞാൻ താമസിക്കുന്ന ദേശത്ത്, വർഷങ്ങൾക്കു മുൻപ് "റേസർബാക്ക്" എന്ന പന്നികൾ പ്രസിദ്ധമായിരുന്നു. മറ്റു ഭാഗത്ത്, പ്രാസംഗികർക്ക് കാട്ടുപന്നിയെയോ, പന്നിയുടെ മറ്റിനങ്ങളെയോ, അല്ലെങ്കിൽ പന്നിയെ–പോലെയുള്ള മറ്റുമൃഗത്തെയോ ഉപയോഗിക്കാം. [16]"എനിക്ക് ഇനി നിങ്ങളോടു ഒന്നും ചെയ്വാനില്ല" എന്നതിനെ ആലങ്കാരികമായി ഇങ്ങനെയായിരുന്നു സൂചിപ്പിച്ചിരുന്നത്. [17]പന്നികളുടെ മുൻപിൽ തന്റെ മുത്തുകൾ വിതറാതിരിക്കുവാൻ യേശു സ്വയം സൂക്ഷിച്ചിരുന്നു: ചില സന്ദർഭങ്ങളിൽ അവൻ പരീശന്മാർക്ക് ഉത്തരം നൽകിയിരുന്നില്ല (മത്തായി 15:2, 3; 21:23–27). അവൻ ഹെരോദാവിനോടു സംസാരിച്ചില്ല (ലൂക്കൊസ് 23:9). [18]എഫെസ്യർ 5:16. [19]ഇതു ഞാൻ പ്രസംഗിച്ചപ്പോൾ, ഞാൻ ഒരു പ്രത്യേകതയുള്ള ചിത്രീകരണം ഉപയോഗിച്ചു: "ഞങ്ങൾ ജപ്പാൻ സന്ദർശിച്ചപ്പോൾ, ഇംഗ്ലീഷ് മനസ്സിലാകാത്തവരുമായി അധിക സമയം സംസാരിക്കുവാൻ ഞാൻ മിനക്കെട്ടില്ല. ഞാൻ പറയുന്നതെന്താണെന്ന് ആർക്കെങ്കിലും മനസ്സിലായില്ല എന്നു കാണുമ്പോൾ, ഞാൻ അടുത്ത ആളിലേക്കു തിരിയും." നിങ്ങൾക്ക് ശ്രോതാക്കളുമായി പങ്കിടാൻ ഇതുപോലെയുള്ള അനുഭവങ്ങൾ ഉണ്ടായിരിക്കാം. [20]ചിലർ അതിൽ വിസ്മയിക്കുകയില്ല; മറ്റുള്ളവരുടെ വിചാരങ്ങളെ പരിഗണിക്കുന്നത് ബലഹീനതയുടെ അടയാളമായി അവർ കരുതുന്നു.

[21]നിഷേധമായ പ്രയോഗത്തിന്റെ അടിസ്ഥാനത്തിൽ, മത്തായി 25–ൽ പറഞ്ഞ കുറ്റം വിധിക്കപ്പെട്ട "ആടുകൾ" രക്ഷിക്കപ്പെട്ടതാകാം. അവ തിന്മയൊന്നും ചെയ്തിരിക്കണമെന്നില്ല, പക്ഷെ അവ നന്മ ചെയ്യുവാൻ കൂട്ടാക്കിയില്ല (വാ. 31, 32, 41, 42 നോക്കുക). [22]ഫിലിപ്സ്, 14. [23]എടുത്തിരിക്കുന്നത് ജെ. ഡബ്ളിയു. മെക്ഗാർവേയും ഫിലിപ്പ് വൈ. പെൻലിറ്റണും, *ദ ഫോർ ഫോൾഡ് ഗോസ്പെൽ ഓർ എ ഹാർമണി ഓഫ് ദ ഫോർ ഗോസ്പെൽസ്* (സിൻസിനാറ്റി: സ്റ്റാന്റേർഡ് പബ്ളിഷിങ്ങ് കമ്പനി., 1914), 265. [24]"ബൂസ്" എന്നത് മദ്യത്തിന് മൊത്തത്തിൽ പറയുന്ന ഒരു ഉച്ചാരണ രീതിയാണ്. [25]കരൾ (ഒന്നുകിൽ കാളയുടെ അല്ലെങ്കിൽ പന്നിയുടെ) ഉള്ളിയുമായി ചേർത്ത് ഉണ്ടാക്കുന്ന ഒരു വിഭവം അമേരിക്കയിൽ മിക്കവാറും ഉണ്ടാക്കാറുള്ള ഒരു കറിയാണ്. ഈ നല്ല ഗന്ധമുള്ള മിശ്രിതം ചിലർക്ക് നിന്ദ്യവും മറ്റു ചിലർക്ക് ആസ്വാദ്യകരവുമാണ്. [26] ഇന്ത്യയിലെ ദേശീയ പ്രസ്ഥാനത്തിന്റെ അദ്ധ്യക്ഷനായ, മഹാത്മാഗാന്ധി (1869–1948), ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും സ്വാധീനിക്കപ്പെട്ട നേതാക്കന്മാരിൽ ഒരാളായിരുന്നു. [27]ഭാവിയിൽ നന്നാകുമെന്ന ഉറച്ച തീരുമാനം വാസ്തവത്തിലുള്ള മാനസാന്തരത്തിന്റെ ഭാഗമായിട്ടുള്ളതാണ്. [28]നിങ്ങൾ ഇത് പ്രസംഗിക്കുമ്പോൾ, പാപത്തിൽ ജീവിക്കുന്നവരോട് – അതായത് ക്രിസ്തുവിലേക്ക് ഒരിക്കലും വന്നിട്ടില്ലാത്തവരോടു – എങ്ങനെ രക്ഷിക്കപ്പെടാമെന്ന് നിങ്ങൾക്കു വേണമെങ്കിൽ പറയാം (യോഹന്നാൻ 3:16; മർക്കൊസ് 16:16) തെറ്റിപ്പോയ ക്രിസ്ത്യാനികളോടു എങ്ങനെ യഥാസ്ഥാനപ്പെടാമെന്നും പറയാം (പ്രവൃത്തികൾ 8:22; യാക്കോബ് 5:16). എല്ലാത്തിലും ഉപരിയായി, മറ്റേതൊരു മാറ്റത്തെക്കാളും ആത്മീയമായ മാറ്റമാണ് അനിവാര്യമായത്.